(ഡി) ഇതിനുവേണ്ടി ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത പ്രവർത്തിക്ക് അടിയന്തിരമായി ഭരണാനുമതി നൽകാമോ ?

ഉത്തരം

(എ) കാപ്പാട് കടപ്പുറത്ത് ഏലത്തൂർ മുനമ്പിനടുത്ത് കടലാക്രമണം രൂക്ഷമായപ്പോൾ താൽക്കാലിക സംരക്ഷണ പണികൾ ചെയ്തു. കടൽത്തീരവും വീടുകളും സംരക്ഷിച്ചിട്ടുണ്ട്. കൂടാതെ തീരവാസികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിലേക്കായി മണൽ ചാക്ക് അടുക്കി അടിയന്തിര സംരക്ഷണം ഉറപ്പാക്കുന്നുണ്ട്.

(ബി&സി) പ്രസ്തുത പ്രദേശത്ത് 750 മീറ്റർ നീളത്തിൽ കടൽ ഭിത്തി കെട്ടുന്നതിന് 86 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു എന്നാൽ ഫണ്ടിന്റെ അപര്യാപ്തത കാരണം പ്രസ്തുത ജോലി മാറ്റിവയ്ക്കപ്പെട്ടു. 1999ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം പരിഷ്ക്കരിച്ച 109 ലക്ഷം രൂപയുടെ പ്രസ്തുത പദ്ധതി അടങ്കൽ ഇപ്പോൾ ചീഫ് എൻജിനിയറുടെ പരിശോധനയിലാണ്.

(ഡി) ഈ സാമ്പത്തികവർഷം 5.88 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഇ) പരിശോധന പൂർത്തിയാക്കി തീരുമാനം കൈക്കൊള്ളുന്നതാണ്.

തേനാംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

25 (853) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിത്താല പഞ്ചായത്തിൽ 1979-ൽ ആരംഭിച്ച ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഇതുവരെയും കമ്മീഷൻ ചെയ്തിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പദ്ധതിക്കിതുവരെയായി എന്ത് തുക ചെലവഴിച്ചു ;

(സി) എന്നത്തേയ്ക്ക് പ്രസ്തുത പദ്ധതി ആരംഭിക്കുവാൻ കഴിയും എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 45,90,000 രൂപ .

(സി) ഈ പദ്ധതിയുടെ ഒന്നാം ഘട്ടം 30-9-2000-നുമുമ്പ് കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കി പണികൾക്കുകൂടിയുള്ള പുതുക്കിയ എസ്റ്റിമേറ്റിന്റെ പ്രാഥമിക പരിശോധന നടന്നു വരുന്നു. പരിശോധന പൂർത്തിയായി പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly